**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി 22750/18, 22784/18 എന്നീ റിട്ട് പെറ്റീഷനുകളിൻ മേൽ 23.10.2018 ൽ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവ് പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം.2733/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 26/10/2018.

---

പരാമർശം: 1) 07.03.2018 ലെ 41/ആർസി2/2018/ത.സ്വ.ഭ.വ നമ്പർ പരിപത്രം.

2) 22750/18, 22784/18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച പൊതു ഉത്തരവുകൾ.

3) 06.10.2018 ലെ ആർസി2/41/2018/ത.സ്വ.ഭ.വ നമ്പർ പരിപത്രം

4) 22750/18, 22784/18 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി 23.10.2018 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.

**ഉത്തരവ്**

ബഹു. ഹൈക്കോടതിയുടെ പരാമർശം (2) ലെ ഉത്തരവ് പാലിച്ചുകൊണ്ട് സംസ്ഥാനത്തെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കൂടാതെ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ/ ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും അത്തരത്തിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും നീക്കം ചെയ്തത് 30.10.2018 നകം സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകിയും പരാമർശം (3) പ്രകാരം സർക്കാർ പരിപത്രം പുറപ്പെടുവിച്ചിരുന്നു.

(2) സംസ്ഥാനത്ത് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എന്നിവ 30.10.2018 ന് ശേഷവും നീക്കം ചെയ്യാതിരുന്നാൽ ആയതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ഫീൽഡ്സ്റ്റാഫും ഉത്തരവാദികളായിരിക്കുന്നതാണ് എന്നും ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എടുത്തുമാറ്റുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുണ്ടാകുന്ന ചെലവും ടി ബോർഡുകൾ സ്ഥാപിച്ചവർക്കെതിരെ ചുമത്തേണ്ട പിഴയും അവരിൽനിന്നും ഈടാക്കേണ്ട പരസ്യ നികുതിയും ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ/കൊടികൾ യഥാസമയം എടുത്തു മാറ്റുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നും ഫീൽഡ് സ്റ്റാഫിൽ നിന്നും ഈടാക്കേണ്ടതാണെന്നും വീഴ്ച വരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയ്ക്ക് എതിരെയും ഫീൽഡ്

സ്റ്റാഫിനെതിരെയും അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണെന്നും പരാമർശം (4) പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(3) 2007 ലെ കേരള റോഡ് സേഫ്റ്റി ആക്റ്റ് പ്രകാരം കളക്ടർമാരിലും ജില്ലാ പോലീസ് സൂപ്രണ്ടുമാരിലും നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് സൂപ്രണ്ടുമാരും, അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ/കൊടികൾ എന്നിവ നീക്കം ചെയ്യുന്നതിനായി അടിയന്തിരവും സമയബന്ധിതവുമായ നടപടി സ്വീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകണമെന്നും ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്.

(4) ബഹു. ഹൈക്കോടതി റിട്ട് പെറ്റീഷൻ 22750/2018, 22784/18 എന്നീ റിട്ട് പെറ്റീഷനുകളിൽ 23.10.2018 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ് സർക്കാർ വിശദമായി പരിശോധിച്ച് ടി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) സംസ്ഥാനത്ത് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എന്നിവ 30.10.2018 ന് ശേഷവും നീക്കം ചെയ്യാതിരുന്നാൽ ടി ബോർഡുകൾ /ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ എടുത്തുമാറ്റുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുണ്ടാകുന്ന ചെലവും ടി ബോർഡുകൾ സ്ഥാപിച്ചവർക്കെതിരെ ചുമത്തേണ്ട പിഴയും അവരിൽനിന്നും ഈടാക്കേണ്ട പരസ്യ നികുതിയും ടി ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ/ കൊടികൾ യഥാസമയം എടുത്തു മാറ്റുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും ഫീൽഡ് സ്റ്റാഫിൽ നിന്നും ഈടാക്കി വീഴ്ച വരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയ്ക്ക് എതിരെയും ഫീൽഡ് സ്റ്റാഫിനെതിരെയും അച്ചടക്കനടപടി സ്വീകരിക്കുന്നതാണ് .

(ii) 2007 ലെ കേരള റോഡ് സേഫ്റ്റി ആക്റ്റ് പ്രകാരം കളക്ടർമാരിലും ജില്ലാ പോലീസ് സൂപ്രണ്ടുമാരിലും നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ജില്ലാ കളക്ടർമാരും ജില്ലാ പോലീസ് മേധാവികളും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ/കൊടികൾ 30-10-2018 നകം നീക്കം ചെയ്ത് സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(iii) പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ / കൊടികൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും നിയോഗിച്ചിട്ടുള്ള നോഡൽ ഓഫീസറും, നഗരസഭ/കോർപ്പറേഷൻ പരിധിയിലുള്ള അനധികൃത ബോർഡുകൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കാനായി നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നിയോഗിച്ചിട്ടുള്ള നോഡൽ ഓഫീസറും, ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നില്ലായെന്ന് ആരോപിച്ചുകൊണ്ട് പൊതുജനങ്ങളിൽ നിന്നും വരുന്ന പരാതികൾ സ്വീകരിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

(5) അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ / ബാനറുകൾ / ഹോർഡിങ്ങുകൾ /കൊടികൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം നൽകാൻ നഗരകാര്യ വകുപ്പിലും

പഞ്ചായത്ത് വകുപ്പിലും നോഡൽ ഓഫീസർമാരെ നിയമിച്ച വിവരവും പൊതുജനങ്ങൾക്ക് അനധികൃത പരസ്യ ബോർഡുകൾ സംബന്ധിച്ച പരാതി നോഡൽ ഓഫീസർമാർ മുൻപാകെ നൽകാമെന്നുമുള്ള വിവരവും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) ബഹു. ഹൈക്കോടതിയുടെ പരാമർശം (4) ലെ റിട്ട് ഹർജികളിന്മേലുള്ള പൊതു ഉത്തരവ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എത്തിക്കണമെന്ന് കോടതി ഉത്തരവായിട്ടുള്ളതിനാൽ പരാമർശം (4)ലെ കോടതി ഉത്തരവിന്റെ പകർപ്പ് ഈ സർക്കാർ ഉത്തരവിനോടൊപ്പം സമയബന്ധിതമായി തന്നെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എത്തിക്കുവാൻ വേണ്ട നടപടി പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ.ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം).
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി ( ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി ( ആമുഖ കത്ത് സഹിതം).
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
സംസ്ഥാന പോലീസ് മേധാവി, കേരളം (ഉത്തരവിന്റെ പകർപ്പ് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്)
സെക്രട്ടറി, ഗതാഗത വകുപ്പ്.
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും (അടിയന്തിര നടപടിക്കായി).
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും (അടിയന്തിര നടപടിക്കായി).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ